STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.222/PR/SPMC/PHQ/2021 Date :29.05.2021

# മുൻ ഡി.ജി.പി രാജഗോപാൽ നാരായണിന്റെ നിര്യാണത്തിൽ സംസ്ഥാന പോലീസ് മേധാവി അനുശോചിച്ചു

മുൻ ഡി.ജി.പി രാജഗോപാൽ നാരായണിന്റെ നിര്യാണത്തിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അനുശോചനം അറിയിച്ചു.

താൻ തിരുവനന്തപുരം ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ആയിരുന്ന കാലയളവിലായിരുന്നു അദ്ദേഹം സംസ്ഥാന പോലീസ് മേധാവി ആയിരുന്നത്. ക്രമസമാധാനപാലനത്തിന്റെ ബാലപാഠങ്ങൾ തന്നെ പഠിപ്പിച്ചത് അദ്ദേഹമാണെന്ന് ലോക്നാഥ് ബെഹ്റ അനുസ്മരിച്ചു.

1988 ജൂൺ 17 മുതൽ 1991 ജൂലൈ 3 വരെ സംസ്ഥാന പോലീസ് മേധാവിയായിരുന്ന രാജഗോപാൽ നാരായൺ ഇന്ന് തിരുവനന്തപുരത്ത് സ്വാകാര്യ ആശുപത്രിയിലാണ് മരണമടഞ്ഞത്. ഏറെക്കാലം ഇന്റലിജൻസ് ബ്യൂറോയിൽ പ്രവർത്തിച്ച അദ്ദേഹം കേരളത്തിൽ മടങ്ങിയെത്തിയ ശേഷം ഡി.ഐ.ജി, ഐ.ജി, എഡി.ജി.പി തസ്തികകളിൽ സേവനമനുഷ്ടിച്ചു.

സംസ്കാരം ഞായറാഴ്ച്ച തിരുവനന്തപുരം പുത്തൻകോട്ട ശ്മശാനത്തിൽ നടക്കും. (കോൺടാക്റ്റ് ഡോ.ഗോപിനാഥ് (മകൻ) 9447461655)

*********************************